LIBRARY ARCHIVES Kerala Legislative Assembly

ലക്ഷദ്വീപ് നിവാസികളുടെ പ്രശ്നം

97 (107) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലക്ഷദ്വീപുമായി കേരളത്തിനുള്ള വാണിജ്യ-സാംസ്കാരികബന്ധം കണക്കിലെടുത്ത് അവിടത്തെ സമകാലിക പ്രശ്നങ്ങളിൽ ഇടപെട്ട് ദ്വീപ് നിവാസികളുടെ ആശങ്ക അകറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണെന്നും ആയതുകൊണ്ടുതന്നെ അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്റർ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്നും ആവശ്യപ്പെട്ട് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്രസർക്കാരിലേയ്ക്ക് തുടർനടപടികൾക്കായി അയച്ചിട്ടുണ്ട്.

പൊതുവിതരണ രംഗം കാര്യക്ഷമമാക്കൽ

98 (109) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ രംഗത്തെ മായം ചേർക്കൽ, തൂക്കം വെട്ടിപ്പ് എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.- യിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് NFSA ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് NFSA ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ NFSA ഗോഡൗണുകളിലെ അരിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ NFSA ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യം റേഷൻകടയിൽ ലഭ്യമായാൽ ആയത് വിതരണം ചെയ്യാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ലൂക്കം വെട്ടിപ്പ് തടയുന്നതിനും ലൂക്ക കൃത്യത ഉറപ്പുവരുത്തുന്നതിനും ഇ-പോസ് മെഷീൻ ഇ-ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മന്ത്രിതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ, ആഗസ്റ്റ് മാസം മുതൽ മാസത്തിൽ ആദ്യത്തെ വെള്ളിയാഴ്ച 2 മണി മുതൽ 3 മണി വരെ പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് സംവദിക്കാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത phone in programme-ലൂടെ ജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ/നിർദ്ദേശങ്ങൾ മന്ത്രിയെ അറിയിക്കാവുന്നതാണ്. പൊതുവിതരണ മേഖലയെ അഴിമതിമുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധനാ സംവിധാനമുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർവരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ സെക്രട്ടേറിയറ്റുതല പരിശോധനാ സംഘവും പരാതികളിൻമേൽ അന്വേഷണം നടത്തിവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും വീഴ്ചവരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) പൊതുവിതരണരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പരിഷ്കാരങ്ങൾ വകുപ്പിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ phone in programme-ലൂടെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന യുക്തിസഹവും അടിയന്തര പ്രാധാന്യവുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

99 (110) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന താഴെപ്പറയുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്:

ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം, ഇ-പോസ് മെഷീൻ മുഖേന സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും റേഷൻ സാധനങ്ങളുടെ വിതരണം: സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തിവരുന്നു.